# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നയൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.11)683/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.11)683/2022 തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ബേബി.പി.വി. ഓഡിറ്റ് ഓഫീസർ
2) മീര.ടി., ഓഡിറ്റ് ഓഫീസർ
3) ഷൈനി കൃഷ്ണദാസ് , അസി.ഓഡിറ്റ് ഓഫീസർ
4) ജോമോൻ ഇ.കെ,അസി.ഓഡിറ്റ് ഓഫീസർ
5) അനീറ്റ ഡൊമിനിക്, ഓഡിറ്റർ
6) സ്വാലിഹ്. സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബുഷറ കുന്നമ്പത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുരേഷ് ബാബു ചിറ്റഴി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 17-10-2019 |
| സുഭാഷ് പി.ബി. | സെക്രട്ടറി | 18-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുരേഷ് ബാബു ചിറ്റഴി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഗ്രീഷ്മ പ്രദീപ് | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2019 | 31-12-2019 |
| അനീഷ്യ കെ.എസ്. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-01-2020 | 09-01-2020 |
| സാൻജോ പി.സി. | അസിസ്റ്റൻറ് എഞ്ചിനീയർ | 10-01-2020 | 31-03-2020 |
| ഷെക്കീർ | വി.ഇ.ഒ.-1 (പുന്നയൂർ സർക്കിൾ) | 01-04-2019 | 31-03-2020 |
| പ്രമോദ് പി.ആർ. | വി.ഇ.ഒ.-2 (എടക്കഴിയൂർ സർക്കിൾ) | 01-04-2019 | 31-03-2020 |
| ആരതി കൃഷ്ണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ (ഇൻ ചാർജ്ജ്) | 01-04-2019 | 31-03-2020 |
| ഡോ. നിത ടി.ജി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-12-2019 |
| ഡോ. സൗമ്യ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-01-2020 | 31-03-2020 |
| ഡോ. രാഖി എൻ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശാന്ത പി. ടി. | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. സഹീർ അബ്ദു | വെറ്ററിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ. മിഥുൻ | വെറ്ററിനറി സർജൻ | 17-09-2019 | 31-03-2020 |
| രമ്യ വി.എം. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഫാത്തിമ പി.എ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.V.Baby (Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.V.Baby (Audit Officer, On 06-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-1 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-2 |
| 13 | വസ്തുനികുതി ഡി സി ബി ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-3 |
| 14 | വസ്തുനികുതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-4 |
| 15 | ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-5 |
| 16 | അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതിന് സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല | 1-11-6 |

| | | |
|---|---|---|
| | Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | |
| 17 | "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-7 |
| 18 | വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-8 |
| 19 | തൊഴിൽ നികുതി ഡിമാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-9 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-10 |
| 21 | മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-11 |
| 22 | വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 09-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-12 |
| 23 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Jomon E K (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-13 |
| 24 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Jomon E K (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-14 |
| 25 | ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-15 |
| 26 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-16 |
| 27 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന് വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-17 |
| 28 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-18 |
| 29 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-19 |
| 30 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുമില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-20 |
| 31 | ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ഇല്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022) | 1-11-21 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 32 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: P.V.Baby (Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-22 |
| 33 | “Directly Credited By Bank”- തുടർ നപടികൾ സ്വീകരിക്കണം<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-23 |
| 34 | പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നില്ല.<br>Written By: Swalih C.P (Auditor, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-24 |
| 35 | മുൻകൂർ നൽകുമ്പോൾ തന്നെ ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-25 |
| 36 | ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-26 |
| 37 | സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-27 |
| 38 | വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-28 |
| 39 | പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-29 |
| 40 | ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-30 |
| 41 | 2019-20 വർഷത്തെ അംങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-31 |
| 42 | തൊഴിലുറപ്പ്പദ്ധതി-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-11-32 |
| 43 | ബജറ്റ് - അപാകതകൾ<br>Written By: P.V.Baby (Audit Officer, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-12 |
| 44 | രസീത് പരിപാലനം - അപാകതകൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-13 |
| 45 | വസ്തു നികുതി അപാകതകൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-14 |
| 46 | റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-14-1 |
| 47 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത. | 1-14-2 |

| | | |
|---|---|---|
| | Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 48 | അനധികൃത കെട്ടിടങ്ങൾ - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-14-3 |
| 49 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-14-4 |
| 50 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-14-5 |
| 51 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-15 |
| 52 | സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-15-1 |
| 53 | റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-15-2 |
| 54 | തൊഴിൽ നികുതി രജിസ്റ്റർ -അപാകങ്ങൾ<br>Written By: Swalih C.P (Auditor, On 05-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-15-3 |
| 55 | ലൈസൻസ് - അപാകങ്ങൾ<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-16 |
| 56 | ലൈസൻസ് പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-17 |
| 57 | ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികളിലെ അപാകതകൾ<br>Written By: Anita Dominic (Auditor, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-18 |
| 58 | രേഖകൾ ഹാജരാക്കിയില്ല - ചെലവു തുകതടസ്സപ്പെടുത്തുന്നു<br>Written By: Meera T (Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-19 |
| 59 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-20 |
| 60 | 2018-19 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-21 |
| 61 | കുരഞ്ഞിയൂർ എൽ പി സ്കൂളിന് വാടക – വാടക കുടിശ്ശിക അടവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 10-05-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-22 |
| 62 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-23 |

| | | |
|---|---|---|
| 63 | ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-24 |
| 64 | ലോഗ് ബുക്ക് പരിപാലനം-അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-25 |
| 65 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-26 |
| 66 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 11-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-27 |
| 67 | ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .<br>Written By: Jomon E K (Asst. Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-28 |
| 68 | കാന നിർമ്മാണം-കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല<br>Written By: Meera T (Audit Officer, On 12-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-29 |
| 69 | കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്<br>Written By: Jomon E K (Asst. Audit Officer, On 16-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-30 |
| 70 | ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം<br>Written By: Jomon E K (Asst. Audit Officer, On 17-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-31 |
| 71 | ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല<br>Written By: Jomon E K (Asst. Audit Officer, On 17-05-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-3 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Anita Dominic (Auditor, On 20-04-2022)<br>Last Updated By: P.V.Baby (Audit Officer, On 02-07-2022) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 28/02/2019 | 1(1) | 327052078.63 | 320371700 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| - | - | 265482851 | 304858683 |

റിവൈസ്ഡ് ബജറ്റ് സംബന്ധിച്ച അപാകങ്ങൾ ഖ 1-12 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 23-12-20 (പുതുക്കിയ വാർഷിക കണക്ക് ലഭിച്ചത്) |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40128265.23 |
| വരവ് | 92094699 |
| ആകെ | 132222964.23 |
| ചെലവ് | 87682291 |
| നീക്കിയിരിപ്പ് | 44540673.23 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23394829 | 23394829 | 15885071 | 7509758 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5041012 | 5041012 | 4181481 | 859531 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8104000 | 8104000 | 5569657 | 2534343 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7215000 | 7215000 | 3216793 | 3998207 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 13920432 | 13920432 | 4793050 | 9127382 |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 183 | 172597714 | 78 | 77119942 | 23 | 82 | 42.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1273283 | 1273283 | 810907 | 462376 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 25417374 | 25417374 | 25417374 | 0 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48720 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 1394400 | 253 |
| വിധവാ പെൻഷൻ | 8838600 | 1559 |
| വാർദ്ധക്യകാലപെൻഷൻ | 9275100 | 1593 |
| വികലാംഗ പെൻഷൻ | 2337800 | 412 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 259200 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.04.2022 തീയതിയിൽ 3.15 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7909/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

തനത് ഫണ്ട് വൗച്ചറുകൾ ഏറെകുറെ കൃത്യതയോടെ ഫയൽ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവൃത്തിക്കുന്നുണ്ട്.രജിസ്റ്ററുകൾ പലതും കൃത്യമായി എഴുതി സൂക്ഷിക്കുകയോ ആയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. (ഉദാ.ഡെപ്പോസിറ്റ്, മുൻകൂർ രജിസ്റ്ററുകൾ) ബജറ്റ് തയ്യാറാക്കുന്നതിൽ സത്വര ശ്രദ്ധ ചെലുത്തുന്നില്ല. റിവൈസ്ഡ് ബജറ്റ് അവതരിപ്പിക്കുന്നില്ല. (ഖണ്ഡിക 1- 12 കാണുക) പ്രസിഡണ്ടിന്റെ പേരിൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടില്ല.ഭിന്നശേഷിക്കാർക്കായി നിർമ്മിച്ചിട്ടുള്ള റാമ്പ് ഉപയോഗയോഗ്യമായി നിലവിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല. റാമ്പിലെ തടസ്സം നീക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണ, പൂർത്തീകരണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ ഉള്ളതായി കാണുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുവാൻ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2022 | 01.04.2021 മുതൽ 31.12.2021 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 25.10.2016 മുതൽ 31.10.2016 വരെ | 2013-14 മുതൽ 2015-16 വരെ | LBA(HQ)111/8A-2532/16-17/170 തീ. 26.12.2016 |

## 1-11-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

## 1-11-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ. 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-11-3 വസ്തുനികുതി ഡി സി ബി ഹാജരാക്കിയിട്ടില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ എന്നിങ്ങനെ തിരിച്ച്ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-11-4 വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ 411 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തു നികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-5 ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക തൻവർഷം ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | 2019-20-ലെ |
|---|---|---|---|

| നം. | | ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 16198 | 50526 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 19064 | 24878 |

## 1-11-6 അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതിന് സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 248877 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്ര.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900350 | 31.3.20 | 202470 |

നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900351 | 31.3.20 | 46407 |

## 1-11-7 "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 1726281രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt. Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 82204 ആണ്. എന്നാൽ ഈ ശീർഷകത്തിൽ 86852രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-11-8 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-11-9 തൊഴിൽ നികുതി ഡിമാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി ട്രേഡേഴ്സ് വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 242535 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റ് 240035 വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-11-10 ജീവനക്കാരുടെ തൊഴിൽ നികുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ജീവനക്കാരുടെ തൊഴിൽ നികുതി ഡി സിബി പത്രിക പ്രകാരം ഡിമാന്റും കളക്ഷനും 909998 രൂപയാണ്. വാർഷിക കണക്ക് പ്രകാരം ഡിമാന്റ് 916248 രൂപയും കളക്ഷൻ 909998 രൂപയുമാണ് വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

### 1-11-11 മുൻകൂർ തുകയുടെ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 68000 |

### 1-11-12 വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2020 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2019-20-ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2020-ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100101-Provision For Doubtful Receivable-Property Tax | 75000 | (418261) |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-11-13 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 262,790.00 |
| 280100104-Prior Period Income- | 69,121.00 |

| | |
|---|---|
| Property Tax On Non-residential Bulidings | |
| 280800601-Prior Period Revenue Grant And Contribution | (77,084.00) |
| 280800701-Prior Period-Misc Expenses | (2,379,842.00) |

## 1-11-14 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-15 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4412408രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 471704 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-17 ഡിപ്രിയിസേഷൻ കണക്കാക്കിയതിന് വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 7622962 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-11-18 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ് എങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് ലഭ്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)).

## 1-11-19 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് കണക്കുകൾ പരിശോധിക്കുന്നതിനായി രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-11-20 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

<table>
<tr><th></th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</th></tr>
<tr><th>ക്രമ നമ്പർ</th><th>ശീർഷകം</th><th>ഇനം</th><th>തുക</th><th>ശീർഷകം</th><th>ബാങ്ക് അക്കൗണ്ട്</th><th>തുക</th></tr>
<tr><td>1</td><td>320700104</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>785000</td><td rowspan="3">450650109</td><td rowspan="3">ട്രഷറി സ്പെ. ടി എസ് ബി 794</td><td rowspan="3">3225755</td></tr>
<tr><td>2</td><td>320700105</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>65743</td></tr>
<tr><td>3.</td><td>320700204</td><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>1313751</td></tr>
<tr><td>4</td><td>320700205</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>426322</td><td colspan="3"></td></tr>
<tr><td>5</td><td>320700210</td><td>ജില്ലാ പഞ്ചായത്ത് വിഹിതം</td><td>300000</td><td colspan="3"></td></tr>
</table>

### 1-11-21 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4-ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410102 | SBI - Literacy | 3640 |
| 2 | 450410103 | SBI - OAP | 2749 |
| 3 | 450410104 | SBI | 497456 |

### 1-11-22 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിക്കുന്ന സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നിരിക്കെ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

### 1-11-23 "Directly Credited By Bank"- തുടർ നപടികൾ സ്വീകരിക്കണം

SBI ( NREGS) "Directly Credited By Bank" എന്ന ഇനത്തിൽ 6000 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| 10.10.19 | 6000 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-11-24 പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നില്ല.

1.ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3/20-ലെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നില്ല.

2. SBI(10351821047), ട്രഷറി സ്പെ. ടി എസ് ബി എന്നീ അക്കൗണ്ടുകളുടെ പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

3. SBT-OAP-അക്കൗണ്ടിന്റെ ബാങ്ക് പാസ്സ്ബുക്ക്, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രതിമാസ റീ കൺസിലിയേഷൻ പത്രികകൾ എന്നിവ ഹാജരാക്കിയിട്ടില്ല. SBT-OAP അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-25 മുൻകൂർ നൽകുമ്പോൾ തന്നെ ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 1 | 187/20 | 21900991/6.11.19 | 215067 | 460500202-Advance To Implementing Agencies-KSEB |
| 2 | 133/20 | 21900990/6.11.19<br>21901024/25.1.20 | 79360<br>6768 | 460500202-Advance To Implementing Agencies-KSEB |

## 1-11-26 ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-27 സാമൂഹ്യ ക്ഷേമ പെൻഷനുകൾ - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-28 വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

റസീപ്റ്റ് ആന്റ് പേയ്മെന്റ് RP-4ഷെഡ്യൂൾ പ്രകാരമുള്ള പെർമിറ്റ്, പാരാമെഡിക്കൽ എന്നീ വരവിനങ്ങൾ ഒഴികെയുള്ള വരവിനങ്ങളുടെ ഡിസിബി തയ്യാറാക്കി രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
റസീപ്റ്റ് ആന്റ് പേയ്മെന്റ് RP-5ഷെഡ്യൂൾ പ്രകാരമുള്ള വരവിനങ്ങളുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-11-29 പാർട്ട് ബില്ലുകൾ നൽകിയ പ്രവൃത്തികൾ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല. ഉദാ: പ്രോജക്ട് നം. 82/20,123/20,170/20,177/20

## 1-11-30 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2019-20 ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് B-5പ്രകാരം KURDFC ലോൺ 24132829/- രൂപ തിരിച്ചടവാക്കാൻ ബാക്കിയുള്ളതായി കാണുന്നു.HUDCO ലോണിന്റെ വിവരം ചേർത്തു കാണുന്നില്ല.

2018-19 ലെ വാർഷിക കണക്ക് പ്രകാരം KURDFC ലോൺ 2611585/- രൂപയും HUDCO ലോൺ 16620000/- രൂപയും തിരിച്ചടവാക്കാൻ ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ രണ്ട് ലോണിലും തിരിച്ചടവാക്കാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത് '0'എന്നാണ്.

## 1-11-31 2019-20 വർഷത്തെ അംങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം -ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല

2019-20 വർഷത്തെ വികസനഫണ്ട് അനുവദിച്ചുകൊണ്ടുള്ള 03.04.2019-ലെ സർക്കാർ ഉത്തരവ് (സാധാരണം) 2772/2019/ധന., 01.08.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6105/2019/ധന., 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/2019/ധന., എന്നിവ പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ ഓരോ നാല് മാസക്കാലത്തേയും പ്രാദേശിക സർക്കാർ വിഹിതമായി ₹481800 വീതം ആകെ ₹14,45400/-അനുവദിച്ചിരുന്നതാണ്. ഈ തുക "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷകത്തിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുന്നതിനും, ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഇതിനനുസൃതമായ ഒരു സാക്ഷ്യപത്രം ബില്ലിനോടൊപ്പം ഹാജരാക്കുന്നതിനും ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതാണ്.എന്നാൽ പ്രസ്തുത തുകയിൽ 481800 രൂപ മാത്രമാണ് ട്രാൻസഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നത്. 963600 രൂപ ട്രാൻസഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-11-32 തൊഴിലുറപ്പ്പദ്ധതി-വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-12 ബജറ്റ് - അപാകതകൾ

പഞ്ചായത്തിലെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൻ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)- ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A) ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

| ശീർഷകം | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്ക് പ്രകാരമുള്ള തുക |
|---|---|---|---|
| 250100201 | Agriculture And Related Sectors – Other Crops | 500000 | 1669015 |
| 251101101 | Continuing Education And Non-Formal Education | 0 | 29557 |
| 251200301 | Health Related Special Programmes | 0 | 97267 |
| 251200901 | Sanitation | 100000 | 230986 |
| 251202501 | Drinking Water - Public | 0 | 300000 |
| 251410201 | Other Nutrition Distribution Programmes | 0 | 24089 |
| 252200102 | Roads | 2539000 | 5444463 |
| 252201201 | Other Programmes In Infrastructure Sector | 600000 | 885632 |
| 253100401 | Supplementary Nutritional Programmes Through Anganwadis | 0 | 805192 |
| 255100101 &102,103 | Maintenance Projects – Road Assets | 0 | 10392914 |
| 255200699 | Maintenance Projects –Non Road Assets – Transferred Institution- Allopathy | 0 | 122650 |
| 255200703 | Maintenance Projects –Non Road Assets – Transferred Institution- Ayurveda | 0 | 800000 |
| 255201199 | Maintenance Projects –Non Road Assets – Transferred Institution- General Education | 0 | 14106 |
| 410710103 | Movable Assets | 120000 | 151045 |

B) ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി

| ശീർഷകം | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| 250100601 | Agriculture And Related Sector – Fisheries | - | 5000 |
| 250103901 | Animal Husbandry- Infrastructure | - | 95000 |
| 250104101 | Animal Husbandry- Related Facility | - | 52500 |
| 250200301 | Flood Control | - | 118652 |
| 253100701 | Integrated Five Year Programmes | - | 80000 |
| 255200803 | Maintenance Projects –Non Road Assets – Transferred Institution- Homoeo | - | 300000 |
| 260100102 | Grants, Contributions And Compensations From Own Fund- | - | 172550 |

| | | | |
|---|---|---|---|
| | Grants | | |
| 260300103 | Grants, Contributions And Compensations From Own Fund-Compensations | - | 467278 |

അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/27.4.2022) മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

2. 2019-20 ,സാമ്പത്തിക വർഷങ്ങളിലെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനമില്ല.

3. 2019-20 വർഷത്തെ വാർഷിക ബജറ്റിലെ വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം മുഖേന അംഗീകരിച്ച ബജറ്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | 28.02.2019 ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം മുഖേന അംഗീകരിച്ച ബജറ്റ് പ്രകാരം | 2019-20 ലെ വാർഷിക ബജറ്റ് പ്രകാരം |
|---|---|---|
| വരവ് | 327052078.63 | 320018661 |
| ചെലവ് | 320371700 | 318653860 |

## 1-13 രസീത് പരിപാലനം - അപാകതകൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. വെറ്റിനറി സർജൻ നൽകിയ രസീത് ബുക്കുകളിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. (രസീത് ബുക്ക് നമ്പർ 5876, 5895).

2. വെറ്റിനറി സർജൻ നൽകിയ രസീത് ബുക്കിലെ (നമ്പർ 5895 ) രസീത് നമ്പർ 82 പ്രകാരം ശ്രീമതി സരസ്വതി എന്നവരിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ 650 രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. പ്രസ്തുത തുക 30.4.2022 ന 1220100341 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.( ഓഡിറ്റ് എൻക്വയറി നമ്പർ 39/ 30.4 2022 ന നൽകിയ മറുപടി)

3. 4393,4394,4395,4396,4397,4398,5899 എന്നീ രസീത് ബുക്കുകളിൽ ബാക്കിയുള്ള രശീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

4. അസിസ്റ്റന്റ് എഞ്ചിനീയർക്ക നൽകിയ രസീത് ബുക്കുകളിൽ (രസീത് ബുക്ക് നമ്പർ 39717,4400) പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റിന് പകരം ഒറിജിനൽ രസീത് ആണ് നൽകുന്നത്.ഇതു ചട്ട വിരുദ്ധമാണ്.(കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) )

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക ( നമ്പർ 39/ 30.4.2022 ) നൽകിയ മറുപടിയിൽ ക്രമ നമ്പർ 2 ലെ തുക 30.4.2022 ന 1220100341 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും മറ്റു അപാകങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപെട്ടു നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. വസ്തു നികുതിയുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ സഞ്ചയ സോഫ്റ്റ്വെയർ എന്നിവയാണ് പരിശോധനക്കായി പ്രധാനമായും ഉപയോഗപ്പെടുത്തിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/ 29.4.2022) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ പങ്കു ആണ് വസ്തു നികുതിക്ക് ഉള്ളത്. ആയതിനാൽ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ എത്രയും പെട്ടെന്ന പരിഹരിച്ചു പഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കാനുള്ള നടപടികളിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-14-1 റദ്ദാക്കിയ സംഖ്യാ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കിയിട്ടില്ല.

സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/തീ | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 9/104 | കുഞ്ഞിമോൻ ഹാജി, അഴിയാത്തു | 119040100215 / 25.4.2019 | 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 256 |
| 2 | 13/34 | വേലായുധൻ, വാലിപ്പറമ്പിൽ | 119040103751 / 23.12.2019 | 2018-19 രണ്ടാം അർദ്ധവർഷം , 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 68 |

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഇതു പഞ്ചായത്തിന് ലഭിക്കാത്ത വരുമാനം ലഭിച്ചതായി രേഖപ്പെടുത്തൽ വരാൻ കാരണമാകുന്നു. ഉദാഹരണത്തിന് സഞ്ചയ പ്രകാരം മേല്പറഞ്ഞ കെട്ടിടങ്ങൾക്ക് 2022-23 വർഷത്തെ നികുതി മാത്രമാണ് അടവാക്കാനുള്ളത് . എന്നാൽ മേൽപരാമർശിച്ച വർഷങ്ങളിലെ നികുതി റദ്ദാക്കിയ സാംഖ്യ രസീതുകൾ മുഖേന അടവാക്കിയിട്ടുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത രസീത് മുഖേനയുള്ള വരുമാനം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ 1, 5, 11, 15 വാർഡുകളിലെ 2019-20, 2020-21 വർഷത്തിൽ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | കെട്ടിട നമ്പർ | പേര് | ഉപയോഗ ക്രമം | നികുതി ഒടുക്കാത്ത കാലയളവ് |
|---|---|---|---|---|---|
| 1 | A6/1355/20 11.3.2020 | 5/85 | ഗോപാലകൃഷ്ണൻ | പാർപ്പിടം | 2019 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | 11/122 3.10.2019 | 11/122 | റസാഖ് | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ |
| 3 | A5/2237/19 3.10.2019 | 11/309 A | സുബൈർ | പാർപ്പിടം | 2013 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ |
| 4 | A1/2239 3.10.2019 | 11/222 | മമ്മുണ്ണി | വാണിജ്യാവശ്യം | 2013 ഒന്നാം അർദ്ധവർഷം മുതൽ 2019 രണ്ടാം അർദ്ധവർഷം വരെ |
| 5 | A4/4557/20 14.3.2020 | 11/293 | ലീല | പാർപ്പിടം | 2019 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | A1/141/19 | 15/33 | സലിം | പാർപ്പിടം | 2016 ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| | 23.9.2019 | | | | മുതൽ 2019 ഒന്നാം അർദ്ധവർഷം വരെ |

പൊളിച്ചുകളഞ്ഞതു കൊണ്ട് നികുതി ഒഴിവാക്കി നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കുന്നതിന് ഇനിമേൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-14-3 അനധികൃത കെട്ടിടങ്ങൾ - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി(U/A രജിസ്റ്റർ) നികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല.

| ക്രമ നം. | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 20/494/A/UA | ഹുസൈൻ ഹാജി, മുസ്ലിം വീട്ടിൽ | വാണിജ്യം |
| 2 | 3/78 A/UA | ഷംസുദീൻ & കദീജ കായരംകുളത്തി | വാസഗൃഹം |

പ്രസ്തുത കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-4 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/ത.സ്വ.ഭ.വ തീ.27.04.2015, ജി.ഒ(എം.എസ്).358/15/ത.സ്വ.ഭ.വ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/337 | പാത്ത, ചള്ളിയിൽ വീട് |
| | 1/338 | |
| 2 | 2/50 | യൂസഫ്, മുഹമ്മദ്, ചാക്യപറമ്പിൽ |
| | 2/51 | |
| 3 | 3/237 | ഫാത്തിമ, പുത്തൻതറയിൽ |
| | 3/238 | |
| | 3/238 A | |
| 4 | 7/210 | ഗീത വീട്ടിലകയിൽ |
| | 7/211 | |
| 5 | 9/154 | ഉമ്മർ.സി, ചാലിൽകല്ലുവളപ്പിൽ |
| | 9/155 | |
| 6 | 20/109 | അബൂബക്കർ.പി.കെ, കെട്ടിലിങ്ങൽ |
| | 20/110 | |
| | 20/111 | |
| | 20/112 | |
| 7 | 1/1 A | അലീമ ഉമ്മ, ആല്വങ്ങൽ |
| | 1/2 | |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-5 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/

വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/29.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന അപാകങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15-1 സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | പോസ്റ്റ് ഓഫീസ്, എടക്കര | 2019-20 രണ്ടാം അർദ്ധവർഷം |
| 3 | പോസ്റ്റ് ഓഫീസ്, പുന്നയൂർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 4 | പോസ്റ്റ് ഓഫീസ്, മന്ദലാംകുന്ന് | 2019-20 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 5 | പോസ്റ്റ് ഓഫീസ്, കുരഞ്ഞിയൂർ | 2019-20 രണ്ടാം അർദ്ധവർഷം |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-2 റേഷൻ കടകൾ, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി വിവരം ലഭ്യമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ ഉറപ്പായും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്നിരിക്കെ അവയുടെ എണ്ണം, ഈടാക്കിയ തൊഴിൽ നികുതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-15-3 തൊഴിൽ നികുതി രജിസ്റ്റർ -അപാകങ്ങൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 312 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം പ്രസ്തുത വർഷങ്ങളിൽ 233 പേരാണ് തൊഴിൽ നികുതി ( ട്രേഡേഴ്സ്) അടവാക്കിയിട്ടുള്ളത്.

2.പഞ്ചായത്തിലെ സ്ഥാപങ്ങൾ 2019-20 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

## 1-16 ലൈസൻസ് - അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ. പ്രകാരം ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടം 10 ലെ പട്ടിക –II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനെ, മൈക്രോ, മിനി, സ്മോൾ,

മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

ഒരു ദിവസത്തെ വിറ്റുവരവ് അല്ല, മറിച്ച് മൂലധനനിക്ഷേപമാണ് ലൈസൻസ് തുക നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അപേക്ഷകളിൽ പകുതിയോളം പഴയ അപേക്ഷഫോറത്തിന്റെ മാതൃകയിലാണ് നൽകിയിട്ടുള്ളത്. ആയതിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തേണ്ട കോളമാണുള്ളത്. അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിക്കാണുന്നില്ല. മൂലധനനിക്ഷേപം രേഖപ്പെടുത്തേണ്ട പുതിയ അപേക്ഷാഫോറങ്ങളിലും പ്രസ്തുത കോളം ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.

സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച് വ്യക്തത വരുത്തി മേൽ ഉത്തരവിനനുസൃതമായി ശരിയായ ലൈസൻസ് തുക ഉറപ്പ് വരുത്താൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(I) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്

ട്രേഡേഴ്സ് ലിസ്റ്റിൽ 281 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. എന്നാൽ 312 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

(Ii) ലൈസൻസ് നല്കുന്നതിന് ആവശ്യമായ രേഖകളില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ആവശ്യമായ രേഖകൾ ഹാജരാക്കാതെയാണ് വ്യാപാര ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ളത്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|
| 65 | ഹിഷാം അഷറഫ് – പെട്രോൾ, ഡീസൽ സ്റ്റോക്ക് ചെയ്യുന്ന സ്ഥാപനം |
| 160 | മുഹമ്മദ് ഷേസിൽ & നിയാസ് – പെട്രോൾ, ഡീസൽ സ്റ്റോക്ക് ചെയ്യുന്ന സ്ഥാപനം |

പെട്രോൾ, ഡീസൽ തുടങ്ങിയവ സ്റ്റോക്ക് ചെയ്യുന്ന മേൽ സ്ഥാപനങ്ങൾക്ക് Petroleum And Explosives Safety Organisation (PESO) -ൽ നിന്ന് ലഭ്യമായ ലൈസൻസ് കാലാവധി അവസാനിച്ചിട്ടുള്ളതാണ്. (License Expired On 31.12.2013, 31.12.2018 Respectively). PESO യിൽ നിന്നും ലഭ്യമാകുന്ന ലൈസൻസ് പുതുക്കി സമർപ്പിക്കേണ്ടതാണ്.

ഒരിക്കൽ Fire NOC ലഭിച്ച പെട്രോൾ പമ്പുകൾ, ഫ്രഷ് NOC ഹാജരാക്കേണ്ടതില്ല എന്ന ഹൈക്കോർട്ട് ഉത്തരവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ആദ്യം ലഭിച്ച Fire NOC യുടെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## 1-17 ലൈസൻസ് പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. വ്യാപാര- വ്യവസായ ലൈസൻസ് ടി സ്ഥാപനങ്ങൾ എടുത്തിട്ടുണ്ട് .

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം |
|---|---|---|
| 1 | 76 | ലബോറട്ടറി – റാഫേൽ പി.വി. |
| 2 | 101 | ആയുർവ്വേദ ക്ലിനിക് -ഷെബി ഫ്രാൻസിസ് |

പാരാമെഡിക്കൽ ലൈസൻസ് തുക മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതി നം.37/20 - അനുപൂരകപോഷകാഹാരം

അടങ്കൽ - 3587400 രൂപ

ചെലവ് – 2605192 രൂപ

(വൗച്ചർ നം. 21900865/28.09.19-138915/-, 21900984/17.10.19-17029/-, 21900971/22.02.20-7148/-

21900877/17.08.19-529850/-, 21900862/21.08.19-123228/-, 21900867/26.11.19-316914/-, 21900983/17.10.19-19303/-, 21900879/17.10.19-11786/-, 21900986/23.10.19-125307/-, 21900999/29.11.19-7687/-, 21901190/26.03.20-94413/-, 21901188/26.03.20-15568/-, കേന്ദ്രാവിഷ്കൃതഫണ്ട്-805192/-, ജില്ലാ പഞ്ചായത്ത് വിഹിതം - 400000/- )

മേൽ പ്രോജക്റ്റിൽ താഴെക്കൊടുത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകകൾ എന്തിനുവേണ്ടി ചെലവഴിച്ചു എന്നതിന്റെ രേഖകൾ - ബിൽ, വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം. 21901190/26.03.20-94413/-, വൗച്ചർ നം. 21900971/22.02.20-7148/- 7148/-, വൗച്ചർ നം. 21900865/28.09.19-138915/-

പ്രസ്തുത തുകകളുടെ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.35/ 29.04.2022) മറുപടി നല്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതാണ്. ചെലവു രേഖകൾ ഹാജരാക്കുന്നതുവരെ ₹240476/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2) പദ്ധതി നം. 223/20 - ഭിന്നശേഷിക്കാർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ (തനത് ഫണ്ട്)

അടങ്കൽ : 50000/-

ചെലവ് : 50000/- (വൗച്ചർ നം.21901144/30.03.20 തുക-₹50000/-)

ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ഒന്നും ഫയലിൽ ഇല്ല. ചെലവു രേഖകൾ ഹാജരാക്കുന്നതുവരെ ₹50,000/- തടസ്സത്തിൽ വെയ്ക്കുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പദ്ധതികളിലെ ചെലവു തുകയായ ₹290476/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 രേഖകൾ ഹാജരാക്കിയില്ല - ചെലവു തുകതടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്നപദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ് 56/20 ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യ വികസനം,ദൈനംദിന ചെലവുകൾ,അദ്ധ്യാപകർക്കുള്ള ഹോണറേറിയം

അടങ്കൽ - 1100000 ,വികസനഫണ്ട് -300000,തനത് -771000

ചെലവ് -796278

വികസനഫണ്ട് -300000, തനത്- 467278,ജില്ല പഞ്ചായത്ത് -29000

ട്രഷറി ബിൽ /തുക

1. 1/26-1-19 -172779

ഇ വൗച്ചർ 21900882/23-9-19

2.2/26-9-19 -126262

ഇ വൗച്ചർ- 2190210/12-3-20

3.12/30-3-20 -959

ഇ വൗച്ചർ 2190210/12-3-20

ആകെ - 300000

1.2190055/14-11-19- 29000(ജില്ല പഞ്ചായത്ത്)

2.21901111/9-3-20- 467278(തനതുഫണ്ട്)

പ്രോജക്റ്റ് ഫയലിനോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമായിട്ടില്ല

1.സ്പെഷൽ സ്കൂൾ ടീച്ചറുടെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ

2.അറ്റന്റൻസ് രജിസ്റ്റർ

3.അക്വിറ്റൻസ്

4.വാഹനം വാടകക്ക് എടുത്തതുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ഫയൽ

5.സ്റ്റോക്ക് രജിസ്റ്ററുകൾ

2.പ്രോജക്റ്റ് - എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ - 216000

ചെലവ് -121975 ഫണ്ട് -വികസനഫണ്ട്-91481

ഗുണഭോക്തൃ വിഹിതം 30494

ട്രഷറി ബിൽ /തുക

1. 5/28-12-19 -91481

ഇ വൗച്ചർ 21901020/28-12-19

പ്രോജക്റ്റ് ഫയലിനോടൊപ്പം ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമായിട്ടില്ല

1.അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്

2.പഞ്ചായത്ത് ഭരണ സമിതി തീരുമാനങ്ങൾ

3.ടെണ്ടർ നടപടിക്രമം-ഫയൽ

4.ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന്റേയും,അടവാക്കിയതിന്റേയും രേഖകൾ

5.വാട്ടർ ടാങ്ക് വാങ്ങിയതിന്റേയും ,സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും രേഖകൾ

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് 27-4-2022 ന് നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മേൽ രണ്ട് പദ്ധതികൾക്കായി ചെലവഴിച്ച9,18,253 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി കൈമാറിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം. /പദ്ധതിയുടെ പേര് | തുക അനുവദിച്ചത് | ബിൽ നം./ വൗച്ചർ നം. തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2/20 ഐ.കെ.എം പ്രവർത്തന ഫണ്ട് വരിസംഖ്യ | ഐ.കെ.എം | 17/19-20 /22.11.19 | 100838 | |
| 2 | 187/20 നാലാംകല്ല് റോഡ് മുതൽനി റോഡ് പനന്തറ എസ്.സി കോളനി വരെ ഇലക്ട്രിക് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി, ചാവക്കാട് സെക്ഷൻ | 11/19-20 /16.12.19 | 215067 | മോണിറ്ററിംഗ് കമ്മിറ്റിയുടെ പുരോഗതി റിപ്പോർട്ടില്ല. |
| 3 | 133/20 പഞ്ചായത്തിലെ 6-ാം വാർഡിൽ പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് | കെ.എസ്.ഇ.ബി | 1) 12/19-20 /14.11.19 2) 22/19-20 | 79360 6768 | മോണിറ്ററിംഗ് കമ്മിറ്റിയുടെ പുരോഗതി റിപ്പോർട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | ലൈൻ വലിക്കൽ | | /12.2.20 | | |
| 4 | 185/20 എ ബി സി പ്രോഗ്രാമിന് തുക നൽകൽ | ജില്ലാ മിഷൻ കോ ഓർഡിനേറ്റർ. കുടുംബശ്രീ | 13/19-20 /16.12.19 | 52500 | എ.ബി.സി പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല. |
| 5 | 14/20 കാൻ - തൃശ്ശൂർ പദ്ധതിയ്ക്ക് ജില്ല പഞ്ചായത്തിന് വിഹിതം നൽകൽ | ജില്ല പഞ്ചായത്ത് | 18/19-20 /24.1.20 | 80000 | കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല |

വിനിയോഗ വിവരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 2018-19 വർഷത്തെ അങ്കണവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കുന്നതിൽ വീഴ്ച വരുത്തി - തൻവർഷത്തെ വികസനഫണ്ടിൽ നിന്ന് തുക നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാൻ , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1പ്രകാരം പുന്നയൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹722700 /രൂപയും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1പ്രകാരം പുന്നയൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹722700/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ നിർദ്ദേശ പ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്തതിനാൽ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 പ്രകാരം പുന്നയൂർ ഗ്രാമ പഞ്ചായത്ത് അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്ന തുകയായ ₹722700/-രൂപ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട തുകയിൽ ഇത് കാരണം കുറവുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഭരണ പരമായ കാര്യങ്ങളിലെ ശ്രദ്ധക്കുറവ് മൂലം ജനങ്ങളുടെ വികസനാവശ്യത്തിനായി ചെലവഴിക്കേണ്ടുന്ന പദ്ധതി പണം ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് നഷ്ടപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (4/23.4.22) നൽകിയതിന് മറുപടി ലഭ്യമാക്കുകയുമുണ്ടായില്ല . മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 കുരഞ്ഞിയൂർ എൽ പി സ്കൂളിന് വാടക – വാടക കുടിശ്ശിക അടവാക്കുന്നതിന് അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - 201/20

വൗച്ചർ നം - 21901112/9.3.20 തുക 169480

കുരഞ്ഞിയൂർ ഇറ്റേക്കാട്ട് പടിക്കപ്പറമ്പിൽ ഐ പി രാധാകൃഷ്ണന്റെ ഉടമസ്ഥതയിലുള്ള പുന്നയൂർ പഞ്ചായത്തിൽ വാർഡ് 8 ലെ 231, 232നമ്പറുകളിലുള്ള കെട്ടിടത്തിന് 23.9.10മുതൽ 4273രൂപ വാടക നിശ്ചയിച്ച് (ഇഎ 3-4438/10) കുരഞ്ഞിയൂർ എൽ.പി സ്കൂൾ പ്രവർത്തിക്കുന്നതിന് വാടകയ്ക്ക് നൽകിയിരുന്നതാണ്. 29.10.18 ന് 9/13മുതൽ വാടക നൽകാനുള്ളതായി എച്ച് എം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.10.10 ലെ എച്ച്2- 15376/2010താ തീ. നമ്പർ കത്ത് പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ വാടക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിരുന്നതുമാണ്. 29.11.19 ലെ എച്ച് എം ന്റെ കത്ത് പ്രകാരം 9/13 മുതൽ 10/2019വരെ 4237 മാസവാടകയിൽ 313538രൂപ കുടിശ്ശിക ഉള്ളതായും പഞ്ചയാത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

പദ്ധതി പ്രകാരം 169480 രൂപയാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ വാടക ഇനത്തിൽ എത്ര കുടിശ്ശിക ഉണ്ട് എന്നത് സംബന്ധിച്ചും വാടക കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം 25/28.4.22) ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കുടിശ്ശിക തുക അടവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മഴക്കാല പൂർവ്വ ശുചികരണം - ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

Vr.No.21900216.dtd.13.6.2019. തുക -200000/ -

മഴക്കാല പൂർവ്വശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിനായി പുന്നയൂർ FHC മെഡിക്കൽ ഓഫീസർക്ക് തനതു ഫണ്ടിൽ നിന്നും വാർഡൊന്നിന് 10000/ - രൂപ നിരക്കിൽ 20 വാർഡ്കൾക്ക് മൊത്തം 200000/ - രൂപ നൽ കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ശുചിത്വ മിഷനിൽ നിന്നും തുക കിട്ടുന്ന മുറയ്ക്ക് തുക തനത് ഫണ്ടിലേക്ക് റീ-ക്ലൂപ്പ് ചെയ്യേണ്ടതാണ്. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 200000/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസ് നൽകിയ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-25 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46-ബി-4659 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15-2-18 തിയ്യതിയിലെ D-1/KL/G -631/17-18 സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതിയിട്ടുള്ളത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല ,പ്രതിമാസ സംഗ്രഹം എല്ലാ മാസവും എഴുതുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുാണ്.

## 1-26 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

പുന്നയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് , വായനശാലകളുടെ നടത്തിപ്പിനായി ബൈലോ തയ്യാറാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10 തിയ്യതി 25/04/22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. വായനശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബൈലോക്ക് ചട്ടപ്രകാരം സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതും, തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 തൊഴിലുറപ്പ് പദ്ധതി

2019-20വർഷത്തിൽ പുന്നയൂർ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 26149962 |
| ആകെ ചെലവ് - | 25687586 |
| നീക്കിയിരുപ്പ് - | 462376 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 1152 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 351 |
| വിഭാവനം ചെയ്ത പദ്ധതികൾ | 205 |
| പൂർത്തിയാക്കിയ പദ്ധതികൾ | 205 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3901 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 103148 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 100% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 1152കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 351 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .

കനാലുകളുടേയും, മറ്റ് ജലാശയങ്ങളുടേയും സാമീപ്യത്താൽ ജല സമൃദ്ധമാണെങ്കിലും പുന്നയൂർ ഗ്രാമ പഞ്ചായത്തിന്റെ 2,3,4,5,6,7,8,9,12 വാർഡുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് . ഇതിന് പരിഹാരമായി പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സംമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ധേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ് ,എന്നാൽ 2019-20 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിൽ ടി പ്രവൃത്തികൾ ഈയിനത്തിൽ നടപ്പാക്കി കാണുന്നില്ല ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 6,തിയ്യതി 23-04-22)ലഭ്യമാക്കിയ മറുപടി പ്രകാരം കഴിഞ്ഞ വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ വിവിധ വാർഡുകളിലുമായി 102 കിണർ റീചാർജ്ജ് പ്രവർത്തികൾ ടെണ്ടർ മുഖേന നടത്തിയിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്,

പതിമൂനാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3,4പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ധേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം, കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവർത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്.അതുവഴി കുടിവെള്ള ക്ഷാമത്തിന് ശ്വാശത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-29 കാന നിർമ്മാണം-കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല

പ്രോജക്റ്റ്- So110/20 36-ാം നം. അംഗൻവാടിക്ക സമീപം കാന നിർമ്മാണം

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

അടങ്കൽ-200000

ഭരണാനുമതി-20/26-12-2018

സാങ്കേതികാനുമതി-31725/31-8-2019

കോൺട്രാക്ടർ

കരാർ-21/AE/LSGD/12-11-19

എം ബുക്ക്-28/19-20

ട്രഷറി ബിൽ-16/31-1-20,185584

മേൽ പ്രവൃത്തിക്കായി കുഴിച്ചെടുത്ത22.560m3 മണ്ണ് ലേലം ചെയ്തിട്ടില്ല.കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-30 കന്നുകുട്ടി പരിപാലനപരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ – 28/19-20

പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

നിർവ്വഹണം –വെറ്ററിനറി സർജൻ

അടങ്കൽ - 6,25,000/-
ചെലവ് - 3,12,500/-
ട്രഷറി ബിൽ നമ്പർ –11/27-09-19

ഈ പദ്ധതിക്കായി ആകെ 3,12,500/- രൂപ എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ.മാമ്മു ,ശ്രീമതി ഹസീന അഷറഫ് എന്നീ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. ടി ഗുണഭോക്താക്കൾ പദ്ധതിയിൽ പങ്കാളിയായി തുടരാത്തവരാണെന്നും അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 4/24/4/22) ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും, മേൽ പറഞ്ഞ പ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കി തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം

പ്രോജക്ട് നം.22/20 പെണ്ണാട് വളർത്തൽ തുക ₹1,20,000/-
പ്രോജക്ട് നം.28/20 പ്രത്യേക കന്നുകുട്ടി പദ്ധതി ₹3,12,500/-
പ്രോജക്ട് നം.32/20 പ്രത്യേക കന്നുകുട്ടി പദ്ധതി ₹1,00,000/-
പ്രോജക്ട് നം.36/20 അടുക്കള മുറ്റത്ത് മുട്ടക്കോഴി വളർത്തൽ ₹2,02,400/-
പ്രോജക്ട് നം.96/20 പശുവളർത്തൽ വനിത ₹1,92,500/-

2019-20 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പദ്ധതികളിൽ പക്ഷി വളർത്തൽ, മൃഗങ്ങളെ വളർത്തൽ പദ്ധതികളിലായി നിരവധി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്, പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി

പൂർത്തീകരിച്ചവരായിരിക്കണമെന്നും, ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ടി പരിശീലനം നേടിയവർ ഉണ്ടോയെന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/23.04.2022ന് ലഭ്യമാക്കിയ മറുപടി പ്രകാരം , ക്ഷീര വികസന വകുപ്പ് നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്തിട്ടില്ലായെന്നും , വെറ്ററിനറി സർജൻ നടത്തുന്ന പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

പദ്ധതികളുടേയും, ഗുണഭോക്താക്കളുടെയും ബാഹുല്യം കൊണ്ട് മാത്രം പദ്ധതികൾ വിഭാവനം ചെയ്യുന്ന മുഴവൻ ലക്ഷ്യവും കൈവരിക്കാൻ സാധിക്കില്ല, മികച്ച രീതിയിലുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. ഫലപ്രദമായ പരിശീലനത്തിന് ശേഷം മാത്രം ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ് ഉത്തമം. കൂടാതെ, മുട്ട, മാംസം, പാലുൽപ്പന്നങ്ങൾ മുതലായവയുടെ സംസ്കരണ യൂണിറ്റുകൾ സ്ഥാപിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികളും വിഭാവനം ചെയ്യാവുന്നതാണ്. ആയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകൾ ഗുണഭോക്താക്കൾ കൈവരിക്കുന്നതിനായുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-32 ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല

പദ്ധതി നമ്പർ – 149/19-20

ഭവന നിർമാണം ജനറൽ

നിർവ്വഹണം – വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

അടങ്കൽ----3,20,000/-
ചെലവ്--140000/-
ട്രഷറി ബിൽ നമ്പർ -3/19-20 വൗച്ചർ നം.21900752/24.07.19

മേൽ പദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് ഭവന നിർമാണം (ജനറൽ) നടത്തിയിട്ടുണ്ട്. എന്നാൽ,സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ. മാർഗ്ഗരേഖ 6/6-1പ്രകാരം ടി ഫണ്ട് ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതല്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 തി.23/4)മറുപടി ലഭ്യമാക്കിയിട്ടില്ല. മേലിൽ ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയാഗിക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ധേശങ്ങൾ പാലിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 360000 | 140000 |
| | | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 300000 | 150000 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | | |
| | | 425000 | നെൽകൃഷി വികസനം | 425000 | 0 |
| | | 1400000 | ആർ. പി. മൊയ്തുട്ടി സാഹിബ്ബ് പനന്തറ എസ്.സി.ലിങ്ക് റോഡ് ഫസ്റ്റ് & സെക്കന്റ് ടാറിംഗ് | 1359596 | 40404 |
| | | 500000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 360000 | 140000 |
| | | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠനസഹായവും ബത്തയും | 300000 | 150000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1025000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 460000 | 565000 |
| | | 8975000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 6554547 | 2420453 |
| | | 330000 | പരിരക്ഷ- പെയിൻ & പാലിയേറ്റീവ് പ്രൊജക്ട് | 196645 | 133355 |
| | | 400000 | അനുപൂരക പോഷകാഹാരം | 400000 | 0 |
| | | 29000 | ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം, ദൈനംദിന ചെലവുകൾ, അദ്ധ്യാപകർക്കുള്ള ഓണറേറിയം | 29000 | 0 |
| | | 780000 | പനന്തറ എസ്.സി. കോളനി സമഗ്ര വികസനം | 285912 | 494088 |
| | | 360000 | മന്ദലാംകുന്ന് ചിൽഡ്രൻസ് പാർക്ക് | 147193 | 212807 |
| | | 1025000 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 460000 | 565000 |

സംയുക്ത പ്രോജക്ടുകളുടെ ACR എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ് ഫോർഡ് | 1. അഗ്രികൾച്ചർ സ്റ്റോർ ഹൗസ് നിർമ്മാണം<br>2. കരഞ്ഞിയൂർ എസ്.സി. കമ്മ്യൂണിറ്റി ഹാൾ<br>3. മന്ദലാംകുന്ന് ചിൽഡ്രൻസ് | | 1586210 | 433105 | 1153105 |

| | | | | | |
|---|---|---|---|---|---|
| | പാർക്ക് | | | | |
| KWA | പനന്തറ കുടിവെള്ള പദ്ധതി | | 24525 | 0 | 24525 |
| KSEB | 20 വാർഡുകളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | | 1724199 | 0 | 1724199 |
| | 29/21 സ്ട്രീറ്റ് ലൈൻ വലിക്കൽ – പോസ്റ്റ് മാറ്റൽ | | 94288 | 0 | 94288 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 സ്ഥിര നിക്ഷേപം

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് – KURDFC | | 6210068 | 19231585 | 1308824 | | 24132829 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/തീയതി |
|---|---|---|---|---|
| 2016-17 | 3(5) | 1100/- | വസന്ത മാങ്ങടി – സാക്ഷരത പ്രേരക് | 119040102246/ 07/09/2019 |
| 2016-17 | 3(5) | 1100/- | സ്മിത -സാക്ഷരത പ്രേരക് | 119040102255/ 07/09/2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 4(3)2/12 | 2014-15 | 4.3.12 | മല്ലിക പുന്നയൂർ, കർഷക തൊഴിലാളി പെൻഷൻ തിരിച്ചടവ് സംബന്ധിച്ച് | 4800/- രൂപ ചലാൻ പ്രകാരം കർഷക തൊഴിലാളി പെൻഷൻ ഹെഡിൽ തിരിച്ചടച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92094699 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87682291 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1408729 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 290476 | ആരതി കൃഷ്ണ, ICDSസൂപ്പർവൈസർ (ഇൻ ചാർജ്ജ്) |
| 1-19 | 918253 | സുരേഷ് ബാബു ചിറ്റഴി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 200000 | സുരേഷ് ബാബു ചിറ്റഴി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| ആകെ | 1408729 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1 | ആരതി കൃഷ്ണ, ICDSസൂപ്പർവൈസർ (ഇൻ ചാർജ്ജ്) | കരിഞ്ഞനം പള്ളിച്ചിറ ഹൗസ്, പരവൂർ, പുന്നപ്ര നോർത്ത്-പി.ഓ., ആലപ്പുഴ |
| 2 | സുരേഷ് ബാബു ചിറ്റഴി, അസിസ്റ്റന്റ് സെക്രട്ടറി | ചിറ്റഴി ഹൗസ്, ആറ്റുപുറം, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 65-66 മുതൽ 93-94 വരെ | നം.എൽ.എഫ്.ടി.(എസ്2) -1315/11/ 14-07.2011 |
| 96-97 | നം.എൽ.എഫ്.ടി. 17/560/98/30-08-98 / 31-12-98 |
| 97-98 | നം.എൽ.എഫ്.ടി. 13/14/1456/04-02-05 |
| 98-99 | നം.എൽ.എഫ്.ടി. 13/1455/04/02-05-05 |
| 99-00 | നം.എൽ.എഫ്.ടി. 13/1454/04/02-05-05 |
| 00-01 | നം.എൽ.എഫ്.ടി. 13/1453/04/02-05-05 |

| | |
|---|---|
| 01-02 | നം.എൽ.എഫ്.ടി. 13/1203/03/11-05-04 |
| 02-03 | നം.എൽ.എഫ്.ടി. 13/1030/08/31-03-09 |
| 03-04 | നം.എൽ.എഫ്.ടി. 13/1031/08/31-03-09 |
| 04-05 | നം.എൽ.എഫ്.ടി.13/1032/08/31-03-09 |
| 05-06 | നം.എൽ.എഫ്.ടി. 13/238/10/28-01-2011 |
| 07-08 | നം.എൽ.എഫ്.ടി. 13/1215/10/24-02-11 |
| 08-09 | നം.എൽ.എഫ്.ടി. 13/1216/10/,26-02-11/06-09-11 |
| 09-10 | നം.എൽ.എഫ്.ടി.പി. 4/1094/12,12-09-12 /5-03-13 |
| 10-11 | നം.എൽ.എഫ്.ടി.പി.4/1095/12,12-09-12 /05-03-13 |
| 11-12 | നം.എൽ.എഫ്.ടി.പി. 8/195/1407-02-14 / 08-04-14 |
| 12-13 | നം.എൽ.എഫ്.ടി.പി. 8/1761/1410-06-15 /3-08-15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1180/16/15.2.16/8.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1227/2016, 24.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8)6/2017, 27.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1714/2017, 29.11.2017/11.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി8)1726/2018, 04.02.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി8)1044/2019 തീയതി:03/09/2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുന്നയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്